# പതിന്നാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3050 10.12.2018 ൽ മറുപടിക്ക്**

**ഓൺലൈൻ പ്രോഗ്രസ്സ് റിപ്പോർട്ടിൽ പിന്നിലായ സാഹചര്യം**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.അനിൽ അക്കര<br>ശ്രീ.വി.ടി.ബൽറാം<br>ശ്രീ.കെ.എസ്.ശബരീനാഥൻ<br>ശ്രീ.ഷാഫി പറമ്പിൽ | ശ്രീ. ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |

എ) സർക്കാരിന്റെ ഔദ്യോഗിക വെബ് സൈറ്റ് വഴി നടപ്പിലാക്കിയ ഓൺലൈൻ പ്രോഗ്രസ്സ് റിപ്പോർട്ടിൽ പൊതുമരാമത്ത് വകുപ്പിന് നൂറിൽ അൻപതിൽ താഴെ മാത്രം മാർക്ക് ലഭിച്ചത് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

ബി) ഉദ്യോഗസ്ഥരുടെ സമീപനം, സേവന ലഭ്യത, പരാതി പരിഹരിച്ച സമയം, പദ്ധതി വിനിയോഗം എന്നിവ അടിസ്ഥാനമാക്കി നിർണയിച്ച മാർക്കിൽ പൊതുമരാമത്ത് വകുപ്പ് പിന്നിൽ പോകാനുണ്ടായ കാരണങ്ങൾ പഠന വിധേയമാക്കിയിട്ടുണ്ടോ;

സി) പ്രസ്തുത പ്രോഗ്രസ്സ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വകുപ്പിന്റെ പ്രവർത്തനം മെച്ചപ്പെടുത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത് എന്ന് വെളിപ്പെടുത്താമോ?

എ), ബി), & സി) നിലവിൽ സർക്കാരിന്റെ ഔദ്യോഗിക വെബ്സൈറ്റ് വഴി നടപ്പിലാക്കുന്ന ഓൺലൈൻ പ്രോഗ്രസ്സ് റിപ്പോർട്ട് പൊതു അഭിപ്രായത്തിന്റെ പരിച്ഛേദമല്ല. പൊതുജനങ്ങൾ ഭൂരിഭാഗവും വകുപ്പുകളുടെ പ്രവർത്തനം വിലയിരുത്തുന്നത് ഇതിന്റെ അടിസ്ഥാനത്തിലല്ല. ടി വെബ്സൈറ്റിൽ വെറും 22 പേരുടെ പ്രതികരണം മാത്രമാണ് ഉള്ളത് എന്നത് ഇതിന് തെളിവാണ്.

2018 ആഗസ്റ്റ് മാസം സംസ്ഥാനത്തുണ്ടായ പ്രളയവുമായി ബന്ധപ്പെട്ട് ഏറ്റവും കൂടുതൽ നാശനഷ്ടങ്ങൾ നേരിട്ടത് പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള നിരത്തുകളും പാലങ്ങളും വിഭാഗത്തിനായിരുന്നിട്ടുപോലും വകുപ്പ് മെച്ചപ്പെട്ട പ്രവർത്തനങ്ങളുമായി മുന്നോട്ട് പോവുകയാണ്. പ്രളയത്തിൽ സംഭവിച്ച കേടുപാടുകൾ തീർക്കുന്നത് ത്വരിതപ്പെടുത്തുവാനും വകുപ്പുമായി ബന്ധപ്പെട്ട് പൊതുജനങ്ങളുടെ പരാതികൾ എത്രയും വേഗം പരിഹരിക്കുന്നതിനും വകുപ്പിൽ ഇപ്പോൾ നിലവിലുള്ള പരാതി പരിഹാര സെൽ കൂടുതൽ പ്രവർത്തന ക്ഷമമാക്കിയിട്ടുണ്ട്. ലഭ്യമായ ഫണ്ട് ഉപയോഗിച്ച് സന്തുലിതവും സമഗ്രവുമായ വികസനരീതിയാണ് വകുപ്പ് നടപ്പാക്കുന്നത്.

സെക്ഷൻ ഓഫീസർ